ബുദ്ധിമുട്ടില്ല. പിന്നെയുള്ളത് എസ്. ടി. ആണെന്നുണ്ടെങ്കിൽ alienation അനുവദിച്ചിട്ടില്ല. ഞാൻ ഇപ്പോൾ പറഞ്ഞത് ഷെഡ്യൂൾഡ് കാസ്റ്റിനെ സംബന്ധിച്ചാണ്.

ശ്രീ. കെ. കെ. ഷാജു: ഇത് പട്ടികജാതി അംഗങ്ങൾക്ക് മാത്രമല്ല. ഞാൻ ഉദ്ദേശിക്കുന്നത് പഞ്ചായത്തുകളിൽ കുറച്ച് ഭൂമി വിലയ്ക്കു വാങ്ങിയിട്ട് അഞ്ചു സെന്റ്, അഞ്ചു സെന്റ് വീതം പട്ടികജാതിക്കാർക്കും പാവപ്പെട്ട അല്ലാത്ത ആളുകൾക്കും പതിച്ചു കൊടുക്കുന്നുണ്ട്. അവർ സെയിൽ ഡീഡ് വഴി വാങ്ങുന്ന ഭൂമി, ഗവർണ്ണറുടെ തണ്ടപ്പേരിലാണ് വാങ്ങിക്കുന്നത്. അങ്ങനെ ഗവർണ്ണറുടെ തണ്ടപ്പേരിലായതുകൊണ്ടാണ് ഈ ഭൂമി പിന്നെ പതിച്ചുകൊടുക്കാൻ കഴിയാതെ വരുന്നത്. അങ്ങനെ ഗവർണ്ണറുടെ തണ്ടപ്പേരിൽ വാങ്ങിയിട്ടുള്ള ഭൂമി പഞ്ചായത്തുകൾ ആവശ്യപ്പെട്ടാൽ കളക്ടർമാർക്ക് പട്ടയം നൽകാനുള്ള പ്രത്യേക അധികാരം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: ഞാൻ ഈ പറഞ്ഞത് നാല് സെന്റ് വീതം വാങ്ങിയിട്ടുള്ള ഭൂമിക്ക് ബാധകമാണ്. പക്ഷെ ഈ കണ്ടീഷൻസിനകത്ത് ഒരു കണ്ടീഷൻ കൂടിയുണ്ട്. പഞ്ചായത്തുകളുടെ സമ്മതം കൂടി വേണം. പഞ്ചായത്തുകൾ അങ്ങനെ കൊടുക്കാവുന്നതാണ് എന്നു പറഞ്ഞ് സർട്ടിഫൈ ചെയ്യുന്നുവെങ്കിൽ ഞാൻ മുമ്പു പറഞ്ഞ മൂന്ന് കണ്ടീഷൻ കൂടി പാലിക്കുന്നുണ്ടെങ്കിൽ അവർക്ക് പട്ടയം കൊടുക്കാവുന്നതാണ്.

III. സബ്മിഷൻ

(1) കോഴിക്കോട് മെഡിക്കൽ കോളേജിൽ രക്താർബുദത്തിന് പ്രത്യേക വാർഡും ചികിൽസാ യൂണിറ്റും സ്ഥാപിക്കൽ

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, മലബാറിൽ ആറ് ജില്ലകളിലുള്ള ലുക്കീമിയ, ഗുരുതരമായ രക്താർബുദം, തലാസീമിയ, ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ പോലുള്ള ജനിതക രക്തവൈകല്യമുള്ള പാവപ്പെട്ട അഞ്ഞൂറിലധികം വരുന്ന കുട്ടികളടക്കമുള്ള രോഗികൾക്ക് ഏക ആശ്രയം കോഴിക്കോട് മെഡിക്കൽ കോളേജാണ്. ഇവിടെ വിദഗ്ദ്ധ ചികിൽസയ്ക്കുവേണ്ടുന്ന സൗകര്യമോ മരുന്നോ ലഭ്യമല്ലാത്തതിനാൽ ഇവർ മരണവുമായി മല്ലടിച്ചു കഴിയുകയാണ്. മെഡിക്കൽ കോളേജിൽ 1995 ജൂലായ് മാസത്തിൽ ഹെമറ്റോ ഓങ്കോളജി ക്ലിനിക് തുടങ്ങുകയും ബുധൻ, ശനി ദിവസങ്ങളിൽ എത്തുന്ന രോഗികളെ ഐ.എം.സി.എച്ചി-ലെ 44,45,54,55 പീഡിയാട്രിക് വാർഡുകളോടു ചേർന്നുള്ള ചെറിയ മുറികളിൽ കിടത്തി ചികിൽസിക്കുകയുമാണ് ചെയ്യുന്നത്. ഇവിടെ യാതൊരു സൗകര്യവും ഇല്ലാത്ത അവസ്ഥയാണുള്ളത്. പ്രതിരോധശേഷി കുറഞ്ഞ പ്രസ്തുത രോഗികളെ പകർച്ച വ്യാധികൾക്ക് സാദ്ധ്യതയുള്ള മറ്റ് രോഗികളോടൊപ്പം കിടത്തി ചികിൽസിക്കുന്നതു കാരണം അണുബാധയേറ്റ് രോഗികൾ മരിക്കാൻ ഇടയാകുന്നതായി വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നുണ്ട്. ഇതു

LIBRARY ARCHIVES Kerala Legislative Assembly

കാരണം രക്ഷപ്പെടുത്താൻ കഴിയുന്ന നിരവധി രോഗികൾ മരിക്കുകയാണ്. മാരകമായ രക്താർബുദരോഗം ബാധിച്ചവർക്കും ജനിതകരക്ത വൈകല്യമുള്ളവർക്കും വിദഗ്ദ്ധ ചികിത്സയ്ക്ക് ആവശ്യമായ രക്ത ഘടകങ്ങളോ കീമോതെറാപ്പിക്കുള്ള മരുന്നോ ലഭ്യമല്ല. അതുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ രക്താർബുദം ബാധിച്ച രോഗികൾക്കും കുട്ടികൾക്കും മുതിർന്നവർക്കും ജനിതക രക്താർബുദ രോഗികൾക്കും വേണ്ടി പ്രത്യേക വാർഡ് നിർമ്മിക്കുകയും രക്ത ബാങ്കിനോട് ചേർന്ന് വിദഗ്ദ്ധ ചികിത്സയ്ക്ക് ആവശ്യമായ രക്ത ഘടകങ്ങൾ വേർതിരിക്കാനുള്ള സംവിധാനവും ആവശ്യമായ മരുന്നുകളും രക്തഘടകങ്ങളും ലഭ്യമാക്കുകയും ചെയ്ത് വിദഗ്ദ്ധരെ നിയമിച്ച് ഇതൊരു പ്രത്യേക യൂണിറ്റായി പാവപ്പെട്ട രക്താർബുദ രോഗികളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, രക്താർബുദ ജനിതക രോഗികൾക്ക് ആവശ്യമായ രക്തഘടകങ്ങൾ വേർതിരിച്ച് കിട്ടുന്നതിനുവേണ്ട സൗകര്യങ്ങൾ ഇപ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിലെ ബ്ലഡ് ബാങ്കിൽ നിലവിലുണ്ട്. ശരാശരി ഒരു വർഷം ഇരുപതിനായിരം യൂണിറ്റ് രക്തം ടെസ്റ്റ് ചെയ്ത് രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. അതിൽത്തന്നെ മുപ്പത് ശതമാനം യൂണിറ്റ് രക്തത്തിലെ രക്ത ഘടകങ്ങൾ വേർതിരിച്ച് നൽകുന്നുണ്ട്. ഇവിടെ ഡോക്ടർമാരെ കൂടാതെ സീനിയർ സയന്റിഫിക് ആഫീസർ, സയന്റിഫിക് അസിസ്റ്റന്റ് ഉൾപ്പെടെയുള്ള ഒരു യൂണിറ്റ് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള ബ്ലഡ് ബാങ്ക് കെട്ടിടം നവീകരിക്കുന്നതിന് ഇരുപത്തിയേഴു ലക്ഷം രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞു. പ്രത്യേക യൂണിറ്റും വാർഡും നിർമ്മിക്കുന്നതിന് ഇരുപത്തി മൂന്നര ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും ഭരണാനുമതിക്കായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഭരണാനുമതി ഉടൻ നൽകുന്നതാണ്. ഈ രോഗികൾക്ക് ഇൻഷ്വറൻസ്, യാത്രാസൗകര്യം എന്നിവ അനുവദിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(2) നിർദ്ദിഷ്ട ഫിഷറീസ് ഹൈവേ

ശ്രീ. ഡി. സുഗതൻ: സർ, എന്റെ മണ്ഡലമായ അമ്പലപ്പുഴ 18 കിലോമീറ്ററോളം തീരപ്രദേശമാണ്. അമ്പലപ്പുഴനിന്ന് ആരംഭിച്ച് മുനമ്പത്ത് അവസാനിക്കുന്ന ഒരു തീരദേശ ഫിഷറീസ് ഹൈവേയുടെ നിർദ്ദേശം നേരത്തെ ഉണ്ടായിരുന്നു. നേരത്തെ അങ്ങനെ ഒരു ആലോചന നടന്നിരുന്നതാണ്. പ്രഖ്യാപിക്കുമെന്ന് പറഞ്ഞിരുന്നതുമാണ്. എന്നാൽ, അത് ഏറ്റവും ഒടുവിൽ ആലപ്പുഴ മുതൽ ഫോർട്ട്കൊച്ചി വരെയായി ചുരുങ്ങിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അമ്പലപ്പുഴയിൽ ആണെങ്കിൽ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ ഈ ഗവൺമെന്റ് വന്നതിനുശേഷം അനുവദിക്കുകയും അതിന്റെ നിർമ്മാണോദ്ഘാടനം കഴിഞ്ഞിരിക്കുകയുമാണ്. അപ്പോൾ, ഫിഷിംഗ് ഹാർബറിന്റെ പണി പൂർത്തിയായിക്കഴിഞ്ഞാൽ വളരെയേറെ പ്രാധാന്യമുള്ള ഒരു മേഖലയായിട്ട് മാറുന്നതുകൊണ്ട്; തോട്ടപ്പള്ളിയിൽ നിന്നും ഈ നിർദ്ദിഷ്ട ഫിഷറീസ് ഹൈവേ

LIBRARY ARCHIVES Kerala Legislative Assembly